**പതിനാലാം കേരള നിയമസഭ**

**പതിനാൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 687** **04.03.2020-ൽ മറുപടിയ്ക്ക്**

**ചെമ്പ്ര കോളനിയിലേക്കുള്ള റോഡ് നിർമ്മാണം**

| **ചോദ്യം** | | **മറുപടി** | |
|---|---|---|---|
| **ശ്രീ.പി.വി. അൻവർ** | | **എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| എ) | നിലമ്പൂർ നിയോജക മണ്ഡലത്തിലെ ചെമ്പ്ര കോളനിയിലേക്കുള്ള റോഡ് നിർമ്മാണത്തിന്റെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കാമോ; | എ) | നബാർഡ് ആർ.ഐ.ഡി.എഫ് 19 സ്കീമിലുൾപ്പെട്ട ചെമ്പ്ര പട്ടികവർഗ്ഗ കോളനിയിലേക്കുള്ള റോഡ് നിർമ്മാണം ആരംഭിച്ചിട്ടില്ല. |
| ബി) | നിർമ്മാണ പ്രവർത്തികളുടെ ഉദ്ഘാടനം കഴിഞ്ഞ് ഒരു വർഷം പിന്നിട്ടിട്ടും പ്രവൃത്തികൾ ആരംഭിക്കാത്തതിന്റെ കാരണം വിശദമാക്കാമോ; | ബി) | കരാറുകാരൻ ആരംഭഘട്ടത്തിൽ ജോലികൾ ചെയ്യാമെന്ന് നിർവ്വഹണ ഏജൻസിയായ കിറ്റ്കോയ്ക്ക് ഉറപ്പ് നൽകിയിരുന്നുവെങ്കിലും പ്രവൃത്തി ആരംഭിച്ചില്ല. തുടർന്ന് കരാറുകാരന് നോട്ടീസ് അയയ്ക്കുകയും കരാർ റദ്ദാക്കുമെന്ന് മുന്നറിയിപ്പ് നൽകുകയും ചെയ്തിട്ടുണ്ട്. |
| സി) | ഈ പ്രവൃത്തി ഏത് ഏജൻസി വഴിയാണ് നിർവ്വഹിക്കുന്നത് എന്നറിയിക്കാമോ; | സി) | കിറ്റ്കോ ലിമിറ്റഡ്. |
| ഡി) | ടി പ്രവൃത്തിയുടെ കരാറുകാരന്റെ പേരും വിലാസവും ഫോൺ നമ്പരും ലഭ്യമാക്കാമോ; | ഡി) | M/s ജാസ് അസ്സോസിയേറ്റ്സ്, സെന്റ് സേവ്യർ കോളേജ് ബിൽഡിംഗ്, കറുകുറ്റി<br>ഫോൺ നമ്പർ - 9846242047 |
| ഇ) | കരാറിന് വിരുദ്ധമായി പ്രവൃത്തിയിൽ, കാലതാമസം വരുത്തുന്ന കരാറുകാരെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുമോ എന്നറിയിക്കാമോ; | ഇ) | കരാറുകാരനെ കരിമ്പട്ടികയിൽ ഉൾപ്പെടുത്താൻ വകുപ്പ് നിർദ്ദേശിച്ചതനുസരിച്ച് വിശ്വാസവഞ്ചന, കൃത്യവിലോപം, ഗുരുതര കരാർ ലംഘനം എന്നീ കുറ്റങ്ങൾ ആരോപിച്ച് M/s ജാസ് അസ്സോസിയേറ്റ്സിനെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് കിറ്റ്കോ ലിമിറ്റഡ് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| എഫ്) | മേൽ, കരാറുകാരൻ പി.എൻ.ടി.ജി. പദ്ധതിയിൽ ഏറ്റെടുത്ത പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | എഫ്) | പി.എൻ.ടി.ജി എന്ന പദ്ധതി ഈ വകുപ്പിൽ നടപ്പിലാക്കിയിട്ടില്ല. |

**സെക്ഷൻ ഓഫീസർ**